## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4511** — **25/06/2019-ലെ മറുപടിക്ക്**

**<u>കോട്ടയം ജില്ലയിലെ എച്ച്. എസ്.എ.( ഇംഗ്ലീഷ് )ഒഴിവുകളും നിയമനവും</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | 28.11.2017-ൽ നിലവിൽവന്ന കാറ്റഗറി നമ്പർ 664/2012 പ്രകാരമുള്ള കോട്ടയം ജില്ലയിലെ എച്ച്. എസ്.എ. ഇംഗ്ലീഷ് റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ നിയമനം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടയം റവന്യൂ ജില്ലയിൽ എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) വിഷയത്തിൽ നിയമനം നടത്തുന്നതിനുവേണ്ടി നിലവിൽ ഒഴിവുകൾ ഒന്നും ഇല്ല. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതിക്കുശേഷം എത്ര പ്രൊട്ടക്റ്റഡ് അധ്യാപകർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനു ശേഷം കോട്ടയം റവന്യൂ ജില്ലയിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്ക് നിയമനം നൽകിയിട്ടില്ല. |
| (സി) | 2017 ൽ നിലവിൽ വന്ന ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ കഴിയുമോയെന്ന് അറിയിക്കാമോ; | (സി) | നിലവിൽ തസ്തിക നഷ്ടപ്പെട്ട് പുറത്ത് നിൽക്കുന്ന അദ്ധ്യാപകരെ ക്രമീകരിച്ചതിന് ശേഷം ഒഴിവുകൾ നിലവിൽ വന്നാൽ മാത്രമേ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കൂ. |
| (ഡി) | പ്രസ്തുത ജില്ലയിൽ എച്ച്. എസ്.എ. ഇംഗ്ലീഷ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും 2021 ജൂൺ മാസം വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കുമോ? | (ഡി) | കോട്ടയം റവന്യൂ ജില്ലയിൽ എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയിൽ 2021 ജൂൺ മാസം വരെ വിരമിക്കൽ മുഖേന ഒഴിവുകൾ ഒന്നും ഉണ്ടാകുന്നില്ല. |

**സെക്ഷൻ ഓഫീസർ**